# വിശ്വാസത്തിന്റെ ചൂട്

യുവജനസഖ്യത്തിന്റെ വാർഷികസമ്മേളനത്തിനായി കോട്ടഗിരിക്ക് പോകുവാനുള്ള ഒരുക്കത്തിലായിരുന്നു. എല്ലാവരും അവിടെ അവതരിപ്പിക്കേണ്ട മത്സരയിനങ്ങലുടെയെല്ലാം റിഹേഴ്സൽ തകൃതിയായി നടന്നിരുന്നു. നല്ല തണുപ്പുള്ള ഡിസംബർ മാസമായിരുന്നു. അത്. എല്ലാവരും കമ്പിളി വസ്ത്രങ്ങൾ കരുതിയിരുന്നു. പുറപ്പെടേണ്ട സമയത്ത് കമ്പളിയുടുപ്പ് ,തൊപ്പി,തുടങ്ങി തണുപ്പിനെ ചെറുക്കുന്ന വസ്ത്രങ്ങളുമണിഞ്ഞ് എല്ലാവരും എത്തി.എന്നാൽ സാധാരണവേഷത്തിൽ തന്നെ എത്തിയ മാത്യു ഞങ്ങളെയെല്ലാം അദ്ഭുതസ്തബാദരാക്കി.കാരണം അന്വേഷിച്ചപ്പോൾ അവൻ പറഞ്ഞതിങ്ങനെയാണ് എനിക്ക് ഒരു കമ്പളി ഉടുപ്പേ ഉണ്ടായിരുന്നുള്ളു. അത് ഉണക്കുവാൻ ഇട്ടപ്പോൾ കുരങ്ങ് എടുത്തുകൊണ്ട്പോയി.മറ്റൊരെണ്ണം വാങ്ങുവാൻ എനിക്ക് നിവൃത്തിയും ഇല്ല. അതിനാൽ ഞാൻ ദൈവത്തോട് തണുക്കാതെ കാക്കണമേ എന്ന് അപേക്ഷിച്ചിട്ടുണ്ട്.

അവന്റെ ദൃഡമായ വിശ്വാസത്തിന്റെ ഫലം അതിശയത്തോടെ ഞാൻ കണ്ടു. ഞങ്ങൾക്കെല്ലാം കമ്പളിയുടുപ്പ് ഉപയോഗിച്ചിട്ടും തണുത്തു. പക്ഷേ മാത്യുവിന് മാത്രം തണുപ്പിന്റെ പ്രശ്നമില്ലായിരുന്നു. അവൻ തന്റെ ഉള്ള അവസ്ഥ അറിയിച്ചപ്പോൾ അവന്റെ യജമാനനൻ അവനെ കരുതി. എത്രയോ വലിയ വിശ്വാസം

ദൈവം സകലത്തിനും മതിയായവനാണെന്ന് വിശ്വസിക്കുക. വായനഭാഗത്തെ നഷ്ടപ്പെട്ട ഒരു കോടാലിയുടെ വിവരമാണ് കൊടുത്തിരിയ്ക്കുന്നത്. പ്രവാചകശിഷ്യൻ ആ കോടാലി വായ്പ വാങ്ങിയതായിരുന്നു. ഇതിന്റെ യർത്ഥം ഒരു കോടാലി സ്വന്തമാക്കാനുള്ള പണശേഷി അദ്ധേഹത്തിനില്ലായിരുന്നു. എന്നതാണ്. സ്വന്തമായിരന്നുവെങ്കിൽ ആ ശിഷ്യന് അത്രമാത്രം സങ്കടം വരില്ലായിരുന്നു. കടമെടുത്തതാകയാൽ അത് തിരികെ കൊടുക്കുവാനുള്ള ബാദ്ധ്യതയും ഉണ്ടായിരുന്നു. ആ ബാദ്ധ്യത ഓർത്തായിരിയ്ക്കും ആ ശിഷ്യൻ പ്രയാസപ്പെട്ടത്. വേറൊരുകാര്യം ഇരുമ്പുവെള്ളത്തിൽ നിന്ന് നിന്ന് പൊങ്ങിവരുകയെന്നത് അസ്സാദ്യമായ കാര്യമായിരുന്നു. എന്നാൽ ദൈവമതെല്ലാം നിഷ്പ്രയാസം ചെയ്ത് ആ ശിഷ്യനെ സന്തോഷിപ്പിച്ചു. എങ്കിൽ വിശ്വാസികളേ നിങ്ങളുടെ ഏത് കാര്യമാണ് ദൈവത്തിന് അസ്സാധ്യമായിട്ടുള്ളതെന്ന ചിന്തിച്ചുനോക്കുക. ദൈവത്തിന് പ്രവർത്തിക്കുവാനുള്ള വാതിൽ നിങ്ങളുടെ വിശ്വാസത്താൽ തുറന്നുകൊടുക്കുക. നിങ്ങളുടെ ഉള്ള അവസ്ഥ കർത്താവിനോട് പറയുക. നിങ്ങളിൽ നിന്ന് കേൾക്കുവാൻ ദൈവം ഇച്ഛിക്കുന്നു.

പ്രിയവായനക്കാരേ നിങ്ങലുടെ ഉള്ള അവസ്ഥ നാം ദൈവത്തെ അറിയിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കുക. അതോ നിങ്ങൾ തന്നെ കൈകാര്യം ചെയ്യുവാനാണോ ശ്രമിക്കുന്നത്. ദൈവത്തോട് നിങ്ങളുടെ വൈഷമ്യങ്ങൾ ഏറ്റുപറയുക ദൈവം അതിന് പരിഹാരം വരുത്തും.



*Sis. Shanthamma Varghese*

**ശാന്തമ്മ വർഗീസ്**